(Pages : 3)

BISHOP MOORE COLLEGE LIBRARY
MAVELIKARA
PIN: 690110
KERALA

**S – 1526**

Reg. No. : ..............................

Name : ..................................

**Fifth Semester B.A. Degree Examination, December 2023**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Core Course VI**

**ML 1541 : ഭാഷാശാസ്ത്രം - ഭാഷാചരിത്രം**

**(2018-2020 Admission)**

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളം ഏതു ഗോത്രത്തിലുൾപ്പെടുന്ന ഭാഷയാണ്?

2. പൂർവ്വകേരളഭാഷയുടെ കർത്താവാര്?

3. അർത്ഥവ്യത്യാസത്തിനു കാരണമാകുന്ന സ്വനം ഏതു പേരിലാണ് അറിയപ്പെടുന്നത്?

4. അക്ഷരം – നിർവചിക്കുക.

5. മാനകേതരഭാഷ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

6. നിരണം കവികൾ എന്നറിയപ്പെടുന്നവർ ആരൊക്കെയാണ്?

7. സ്വനിമമാത്രയെക്കുറിച്ചുള്ള ആദ്യപരാമർശം നടത്തിയ പണ്ഡിതൻ ആര്?

P.T.O.

8. വാക്യഘടന എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് ആര്?

9. പായസം എന്ന പദത്തിന് സംഭവിച്ച അർത്ഥപരിണാമത്തിന്റെ പേരെഴുതുക.

10. കേരളത്തിൽ കണ്ടുകിട്ടിയിട്ടുള്ളതിൽവെച്ച് ഏറ്റവും പഴക്കമുള്ള ശാസനമേത്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. സംസ്കൃതജന്യവാദത്തിന് പ്രസക്തിയുണ്ടോ? പരിശോധിക്കുക.

12. മാനകഭാഷ, ഭാഷാഭേദം - ഇവ നിർവചിക്കുക.

13. സ്വനം, സ്വനിമം - ഇവ നിർവചിച്ച് ഉദാഹരണങ്ങൾ നൽകുക.

14. പാട്ടുഭാഷയുടെ സവിശേഷതകൾ വിവരിക്കുക.

15. വ്യക്തിഭാഷ എന്നാലെന്ത്?

16. ബ്രഹ്മാണ്ഡപുരാണത്തിന്റെ സവിശേഷത എന്ത്?

17. വർത്തമാനപ്പുസ്തകത്തിന് ഭാഷാചരിത്രത്തിലുള്ള പ്രാധാന്യം വിവരിക്കുക.

18. സൈബർ മലയാളം എന്നാലെന്ത്?

19. അർത്ഥോത്കർഷം, അർത്ഥാപകർഷം - ഇവ എന്തെന്ന് വ്യക്തമാക്കുക.

20. രൂപിമം എന്ന സങ്കല്പനത്തെക്കുറിച്ച് വ്യക്തമാക്കുക.

21. പത്രഭാഷയുടെ സവിശേഷത എന്ത്?

22. താരതമ്യാത്മകഭാഷാപഗ്രഥനരീതി എന്നാലെന്ത്?

**(8 × 2 = 16 Marks)**

III. ഓരോന്നിനും **ഒന്നരപ്പുറത്തിൽ** കവിയാതെ **ആറു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

BISHOP MOORE COLLEGE LIBRARY
MAVELIKARA
PIN: 690110
KERALA

23. ശാസനഭാഷയുടെ സവിശേഷതകൾ വിലയിരുത്തുക.

24. സമകാലികമലയാളഭാഷയിൽ അന്യഭാഷകൾക്കുള്ള സ്വാധീനത്തെക്കുറിച്ച് വിശദമാക്കുക.

25. മണിപ്രവാളഭാഷയ്ക്ക് ഭാഷാചരിത്രത്തിലുള്ള പ്രാധാന്യമെന്ത്?

26. മലയാളം എന്ന പദത്തിന്റെ നിരുക്തിയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സംഗ്രഹിക്കുക.

27. ഉച്ചാരണസ്ഥാനങ്ങൾ ഏതെല്ലാം? മലയാളത്തിലെ സ്വനിമങ്ങളെ ഉച്ചാരണസ്ഥാനമനുസരിച്ച് എങ്ങനെ വിഭജിക്കാം?

28. ഭാഷാഗോത്രങ്ങളെക്കുറിച്ച് വിവരിക്കുക.

29. കേരളപാണിനി അവതരിപ്പിക്കുന്ന കൊടുംതമിഴ് വാദത്തെക്കുറിച്ച് വ്യക്തമാക്കുക.

30. മിഷനറിഗദ്യത്തെക്കുറിച്ച് വിവരിക്കുക.

31. സ്വരവിഭജനം എപ്രകാരമാണ്? വിശദമാക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

32. മലയാളഭാഷയുടെ ഉല്പത്തിയെ സംബന്ധിച്ച വിവിധ വാദഗതികൾ വിശദമാക്കുക.

33. വാക്യം എന്നാലെന്ത്? വാക്യവിഭാഗങ്ങൾ ഏതെല്ലാം?

34. ഭാഷയുടെ നിർവചനങ്ങൾ എന്തെല്ലാം? മനുഷ്യഭാഷയുടെ സവിശേഷതകൾ വിവരിക്കുക.

35. മലയാളത്തിലെ ഭാഷാഭേദങ്ങളെക്കുറിച്ച് വിശദമാക്കുക.

**(2 × 15 = 30 Marks)**

______________________